പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118 04-02-2013 -ൽ മറുപടിക്ക്.

## മദ്യവിരുദ്ധ ബോധവൽക്കരണത്തിന് സ്ഥിരം സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | മദ്യപാനശീലത്തിനെതിരെ എന്തൊക്കെ ബോധവൽക്കരണ പരിപാടികളാണ് വകുപ്പ് സംഘടിപ്പിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, ശക്തവും, നൂതനവുമായ പരിപാടികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, ഇന്ദ്രജാല പ്രകടനം, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി "ദുരന്ത ലഹരി" എന്നപേരിൽ ഒരു ഡോക്യുമെന്ററി ദൂരദർശൻ ചാനലുകളിൽ സംപ്രേക്ഷപണം ചെയ്തിട്ടുണ്ട്. ടി ഹ്രസ്വചിത്രത്തിന്റെ സി.ഡി. പ്രദർശനം എല്ലാ ജില്ലകളിലും നടത്തി വരുന്നു. |
| (ബി) | ബോധവൽക്കരണ പ്രചാരണ പരിപാടികൾക്കായി സ്ഥിരം സംവിധാനം വകുപ്പിൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുമോ? | (ബി) | ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ കീഴിൽ, അവയർനെസ്സ് പ്രോഗ്രാം കോ-ഓർഡിനേഷൻ എന്ന സ്ഥിരം സംവിധാനം വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ